30-01-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 30/01/2022

1. കാസറഗോഡ് പീലിക്കോട് പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നാളെ (ജനുവരി 31-ന്) നടത്താനിരുന്ന പമ്പ് ഓപ്പറേറ്റർ, എൽ.ഡി.വി ഡ്രൈവർ എന്നീ തസ്തികകളിൽ താൽക്കാലിക നിയമനത്തിനായുള്ള ഇന്റർവ്യൂ ചില സാങ്കേതിക കാരണങ്ങളാൽ മാറ്റി വച്ചിരിക്കുന്നു. പുതുക്കിയ തീയതി ഉദ്യോഗാർത്ഥികളെ പിന്നീട് അറിയിക്കുന്നതായിരിക്കുമെന്നും അസോസിയേറ്റ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0467 2260632** എന്ന ഫോൺ നമ്പരിൽ പ്രവർത്തി സമയത്ത് ബന്ധപ്പെടുക.

2. കേരളത്തിന്റെ ഭൂപ്രകൃതിയ്ക്കും, കൃഷിയ്ക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ പ്രവർത്തിച്ചുവരുന്ന ഉപജ്ഞാതാക്കളുടെയും പുത്തൻ ആശയക്കാരുടെയും ഒരു സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള ഉപജ്ഞാതാക്കൾ, നൂതന ആശയങ്ങളിൽ പ്രവർത്തിക്കുന്നവർ മേൽവിലാസം, പ്രവർത്തനത്തിന്റെ വിവരണവും കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

3. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന **കൂടും കോഴിയും പദ്ധതി**യുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ (ജനുവരി 31) രാവിലെ 10.30-ന് പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കൂടുന്ന യോഗത്തിൽ വച്ച് ഓൺലൈനായി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഡെപ്യൂട്ടി സ്പീക്കറും അടൂർ എം.എൽ.എ യുമായ ചിറ്റയം ഗോപകുമാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. പദ്ധതി ആനുകൂല്യങ്ങളായ 100 കോഴികളെ വളർത്താവുന്ന കൂടിന്റെയും കോഴികളുടെയും വിതരണോദ്ഘാടനം കോന്നി എം.എൽ.എ അഡ്വ. കെ.യു. ജനീഷ് കുമാർ നിർവഹിക്കും.

4. വെള്ളായണി കാർഷിക കോളേജിലെ ബയോകൺട്രോൾ ലബോറട്ടറിയിൽ നിന്നും **മിത്രപ്രാണികളുടെ മുട്ടകാർഡ് അഥവാ ട്രൈക്കോ കാർഡുകൾ** ലഭ്യമാണ്. നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, ഓലചുരുട്ടിപ്പുഴു, പച്ചക്കറി വിളകളിലും മറ്റു വിളകളിലും കാണുന്ന പുഴുവർഗ്ഗ കീടങ്ങൾ എന്നിവയ്ക്കെതിരെ ട്രൈക്കോകാർഡുകൾ ഫലപ്രദമാണ്. ഒരു കാർഡിന് 50 രൂപയാണ് വില. ഒരു ഹെക്ടർ നെൽകൃഷിയ്ക്ക് ഒറ്റത്തവണ ഉപയോഗിക്കാൻ 250 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് **9645136567, 9446378182** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക..

5. കാർഷിക യന്ത്രങ്ങൾ കൈവശമുള്ള എല്ലാ കാർഷിക യന്ത്ര ഉടമകളും, മറ്റ് ഇതര ഏജൻസികളും അവരവരുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ 2022 **ഫെബ്രുവരി 28** ന് മുമ്പായി യന്ത്രങ്ങളുടെ വിവരങ്ങൾ നിശ്ചിത രജിസ്ട്രേഷൻ ഫോറത്തിൽ രേഖപ്പെടുത്തി നൽകേണ്ടതാണെന്ന് തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു. മാതൃക ഫോം കൃഷിഭവനുകളിൽ ലഭ്യമാണ്.

6. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഉത്പാദിപ്പിക്കുന്ന കെപ്കോ ചിക്കനും അനുബന്ധ ഉത്പന്നങ്ങളും വിൽപ്പന നടത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ വിൽപ്പന സാധ്യതയുള്ള സ്ഥലങ്ങളിൽ ഏജൻസികൾ അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. താൽപ്പര്യമുള്ളവർ സ്വന്തം വിശദാംശങ്ങളും ഏജൻസി തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലവും വ്യക്തമാക്കിക്കൊണ്ട് വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ **ഫെബ്രുവരി 05**-ന് മുമ്പ് **മാനേജിംഗ് ഡയറക്ടർ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000921** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. തെക്കൻ കേരളത്തിലെ നല്ലയിനം നാടൻ മാവുകളെക്കുറിച്ചുള്ള വിവരം, അവ നിൽക്കുന്ന പ്രദേശം/മേൽവിലാസം/ ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ **9496366698, 9946867991** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് വെള്ളായണി കാർഷിക കോളേജ് ഫ്രൂട്ട്സ് സയൻസ് വിഭാഗം മേധാവി അറിയിക്കുന്നു.

8. **സരോജിനി ദാമോദരൻ ഫൗണ്ടേഷൻ** ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ നൽകിവരുന്ന 13-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. മൂന്നു വർഷത്തിനുമേൽ പൂർണമായും ജൈവകൃഷി ചെയ്യുന്നവരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരുന്നതിനുള്ള വഴിയും, ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം അയയ്ക്കാൻ പാടില്ല. അപേക്ഷകൾ 2022 **ജനുവരി 31**-ന് മുമ്പായി ലഭിച്ചിരിക്കണം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം കെ.വി.ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ, ആലപ്പുഴ-688525. കൂടുതൽ വിവരങ്ങൾക്ക് **9447114526** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

9. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ജനുവരി 31 ന്) രാവിലെ 11 മണി മുതൽ **പ്രത്യുൽപാദനത്തിൽ പോഷകാഹാരത്തിന്റെ പങ്ക്** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലനപരിപാടിയിൽ പങ്കെടുക്കാനായി https://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക കൂടുതൽ വിവരങ്ങൾക്ക് **0481– 2302223, 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

10. സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ഫെബ്രുവരി 1,2,3** തീയതികളിലായി **ആധുനികവും ശാസ്ത്രീയവുമായ ആടുവളർത്തൽ** എന്ന വിഷയത്തിൽ, ഓൺലൈൻ മാധ്യമത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലനം 40 പേർക്കു മാത്രമായി ക്രമപ്പെടുത്തിയിരിക്കുന്നതിനാൽ താല്പര്യമുള്ളവർ **04936 220399, 9447421002** എന്നീ നമ്പരുകളിൽ ബന്ധപ്പെട്ട് ഈ മാസം 31-നു (31.01.2022) മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അസിസ്റ്റന്റ് ഡയറക്ടർ അറിയിക്കുന്നു.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) **റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നാളെ (ജനുവരി 31-ന്) ഉച്ചയ്ക്ക് 2.30 മുതൽ വൈകിട്ട് 4.00 വരെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് **0481-2353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ training@rubberboard.org.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

12. കുട്ടനാട്ടിൽ ഇലപ്പേനിനെതിരെ കർഷകർ വ്യാപകമായി കീടനാശിനി പ്രയോഗം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയിൽ പലതും നെൽപ്പാടങ്ങളിൽ പ്രയോഗിക്കുവാൻ ശുപാർശയില്ലാത്ത കീടനാശിനികളാണ്. ഇവ തുടർച്ചയായി പ്രയോഗിക്കുന്നത് വലിയ രീതിയിലുള്ള പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്കിടയാക്കും. കൂടാതെ ഇപ്പോൾ നെൽപ്പാടങ്ങളിൽ സുലഭമായി കാണുന്ന മിത്രപ്രാണികളുടെ പൂർണ്ണനാശത്തിനും അതിനെ തുടർന്ന് തുടർച്ചയായ കീടനാശിനി പ്രയോഗങ്ങൾ അനിവാര്യമാകുന്ന സാഹചര്യത്തിനും ഇതു കാരണമാകും. നീരൂറ്റികുടിക്കുന്ന കീടമാണ് ഇലപ്പേൻ. ഇത്തരം കീടങ്ങൾ വളരെ വേഗത്തിൽ കീടനാശിനികൾക്കെതിരെ പ്രതിരോധശേഷിയാർജ്ജിക്കും. കീടനാശിനികൾ തുടർച്ചയായി പ്രയോഗിക്കപ്പെടുന്ന സാഹചര്യത്തിൽ ഇവയുടെ വംശവർദ്ധനവ് വളരെ വേഗത്തിലാവുകയും കൂടതലിടങ്ങളിലേക്ക് അതിവേഗം വ്യാപിക്കുകയും ചെയ്യും. അതുകൊണ്ട് കീടനാശിനിപ്രയോഗത്തിന് മുമ്പ് കർഷകർ സാങ്കേതിക ഉപദേശം തേടിയിരിക്കണം. ശുപാർശയില്ലാത്ത കീടനാശിനികൾ ഒരു കാരണവശാലും പ്രയോഗിക്കാൻ പാടുള്ളതല്ലെന്ന് മങ്കൊമ്പ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രം പ്രോജക്ട് ഡയറക്ടർ അറിയിച്ചു.